ഉത്തരം

(എ) നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതി

195 (3171) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിക്കായി പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് നിന്ന് വാട്ടർ പ്ലാന്റിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്ഥലം വിട്ടു നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിലെ എം.പി.ഐ.-യുടെ അധീനതയിലുള്ള സ്ഥലത്ത് ആധുനിക മാംസസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 3-7-2014-ൽ ബഹു. ചാലക്കുടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിക്കുകയും വിശദമായി സ്ഥലം പരിശോധിക്കുകയും ചെയ്തു. ആധാരത്തിൽ കാണുന്നതിലധികം ഭൂമി എം.പി.ഐ.-യുടെ കൈവശം പ്രസ്തുത സ്ഥലത്ത് ഉണ്ടെങ്കിൽ അത് കുടിവെള്ള പദ്ധതിക്ക് നൽകുന്നതിനും തഹസീൽദാരുടെ നേതൃത്വത്തിൽ സ്ഥലം അളക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. 22-7-2014-ൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് കത്ത് നൽകുകയും അറിവ് ലഭിക്കുന്ന മുറയ്ക്ക് അതിനാവശ്യമായ തുക ഒടുക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർവ്വേ നടത്തി ആധാരത്തിലുള്ളതിലധികം സ്ഥലമുണ്ടെന്ന് കണ്ടെത്തിയാൽ കോടശ്ശേരി പരിയാരം കുടിവെള്ള പദ്ധതിക്കായി അധികമുള്ള സ്ഥലം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly